LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

2014-15 ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച 4700 കോടി രൂപയിൽ (ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് ലഭ്യമാക്കിയ താല്ക്കാലിക കണക്ക് പ്രകാരം) 3791.13 കോടി രൂപ (81%) ചെലവഴിച്ചിട്ടുണ്ട്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽനിന്നും പണം പിൻവലിക്കുന്നതിനുള്ള പെർമിസ്സീവ് സാങ്ഷൻ**

**274 (1647)** ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) വിവിധ സ്ഥാപനങ്ങൾക്കായി/ആവശ്യങ്ങൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽനിന്നും പണം പിൻവലിച്ച് നൽകുന്നതിനുള്ള പെർമിസ്സീവ് സാങ്ഷൻ ഈ സർക്കാർ അധികാരമേറ്റതിനുശേഷം എത്ര തവണ നൽകിയിട്ടുണ്ട്;

(ബി) ഏതെല്ലാം സ്ഥാപനങ്ങൾക്ക്/ആവശ്യങ്ങൾക്കായാണ് ഇത്തരത്തിൽ നൽകിയിട്ടുള്ളത് എന്നറിയിക്കാമോ ?

ഉത്തരം

(എ) ലഭ്യമായ രേഖകൾ പ്രകാരം 2015 ജൂൺ 25 വരെ 390 സാങ്ഷനുകൾ നൽകിയിട്ടുണ്ട്.

(ബി) വിവിധ ഉദ്ഘാടന പരിപാടികൾ, ഉത്സവങ്ങൾ, യുവജനോത്സവങ്ങൾ, കേരളോത്സവങ്ങൾ, സർക്കാർ പദ്ധതികളുടെ പ്രഖ്യാപനം, സമ്മേളനങ്ങൾ, പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ, പ്രേരക്മാരുടെ ഓണറേറിയം, മഴക്കാലദുരിതം നേരിടുന്നതിന്, ഓണക്കാലത്തോട് അനുബന്ധിച്ച് നടത്തുന്ന വള്ളംകളികൾ തുടങ്ങിയ പൊതു ആവശ്യങ്ങളുടെ ചെലവിനായിട്ടാണ് സാങ്ഷൻ നൽകിയത്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി**

**275 (1648)** ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വിവിധ പ്രവൃത്തികളുടെയും വാങ്ങുന്ന ഉപകരണങ്ങളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) സർക്കാർ/അർദ്ധ സർക്കാർ ഏജൻസികൾ എന്ന പേരിൽ ഗ്രാമപഞ്ചായത്തുകൾ ടെണ്ടറുകളില്ലാതെ ഉപകരണങ്ങൾ വാങ്ങുന്നത് തടയാൻ ഇ-ടെണ്ടർ സംവിധാനം ഏർപ്പെടുത്തുമോ ;

(സി) തെരുവുവിളക്കുകളിൽ എൽ.ഇ.ഡി. ബൾബുകൾ ഉപയോഗിക്കുന്നതിന് മുൻഗണന നൽകുമോ ?

<u>ഉത്തരം</u>

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സമാഹരണത്തിനായി പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ.(പി) 259/2010/ത.സ്വ.ഭ.വ., തീയതി 8-11-2010 (പ്രൊക്വർമെന്റ് മാന്വൽ) പ്രകാരം ഉത്തരവായിട്ടുണ്ട്. സമാഹരണ പ്രക്രിയയിൽ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് പ്രസ്തുത മാന്വൽ പ്രകാരമുള്ള നിർദ്ദേശങ്ങൾ പര്യാപ്തമാണ്.

(ബി) സർക്കാർ/അർദ്ധ സർക്കാർ ഏജൻസികളിൽനിന്നും വാങ്ങുന്ന ഉപകരണങ്ങളുടെയും ഉല്പന്നങ്ങളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി പ്രസ്തുത സ്ഥാപനങ്ങൾ സ്വന്തമായി നിർമ്മിക്കുന്ന ഉല്പന്നങ്ങൾ മാത്രമേ ടെണ്ടർ പ്രക്രിയ കൂടാതെ സമാഹരണം നടത്താവൂ എന്ന് നിഷ്കർഷിച്ചുകൊണ്ട് 10-11-2009-ൽ 17166/എഎ 3/2009/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. 20,000 രൂപയ്ക്ക് മുകളിൽ വില വരുന്ന സാധനങ്ങൾ മത്സരാധിഷ്ഠിത രീതിയിൽ വാങ്ങുവാൻ ഇ-ടെണ്ടർ സംവിധാനം ഉപയോഗിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിക്കുന്നതാണ്.

(സി) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-17)-യുടെ പദ്ധതി ആസൂത്രണവും, സബ്സിഡിയും സംബന്ധിച്ച മാർഗ്ഗ രേഖ ഖണ്ഡിക 7.9 പ്രകാരം തെരുവ് വിളക്കുകൾക്ക് എൽ.ഇ.ഡി. ലാമ്പുകൾ മാത്രമേ ഉപയോഗിക്കാവൂ എന്ന നിർദ്ദേശം നല്കിയിട്ടുണ്ട്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി നിർവഹണത്തിന് അനുവദിച്ച തുക

**276 (1649)** <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) 2014-15 സാമ്പത്തിക വർഷം സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എത്ര തുകയുടെ പദ്ധതി നിർവ്വഹണത്തിനാണ് അംഗീകാരം നൽകിയതെന്ന് പറയാമോ ;

LIBRARY ARCHIVES Kerala Legislative Assembly